# ഇശൽ പൈതൃകം

ത്രൈമാസിക ലക്കം: 41

# Ishal Paithrkam

Online issue 26 print issue 41 March 2025

**Mahakavi Moyinkutty Vaidyar**
**Mappila Kala Akademi**
Department of Cultural Affairs
Government of Kerala-India
March 2025

ISSN:2582-550X

**ഇശൽ പൈതൃകം**
ത്രൈമാസിക
ലക്കം: 41
2025 മാർച്ച്

പകർപ്പാവകാശം: പ്രസാധകർക്ക്

**ചീഫ് എഡിറ്റർ**
ഡോ. ഹുസൈൻ രണ്ടത്താണി
**എഡിറ്റർ**
ഡോ. ഷംഷാദ് ഹുസൈൻ. കെ.ടി.
**അസോസിയേറ്റ് എഡിറ്റർ**
ഡോ. അനീസ് ആലങ്ങാടൻ
**എഡിറ്റോറിയൽ ബോർഡ്**
ബഷീർ ചുങ്കത്തറ
ഡോ. പി.പി അബ്ദുൽ റസാഖ്
എം.എൻ. കാരശ്ശേരി
സൈദലവി ചീരങ്ങോട്ട്

**പ്രസാധകർ**
മഹാകവി മോയിൻകുട്ടി വൈദ്യർ
മാപ്പിള കലാ അക്കാദമി
കൊണ്ടോട്ടി: 673 638
ഫോൺ: 0483 2711432

ഇശൽ പൈതൃകത്തിൽ പ്രസിദ്ധീകരിക്കുന്ന രചനകളിലെ ആശയങ്ങൾ മാപ്പിളകലാ അക്കാദമിയുടേതോ, സംസ്ഥാന സർക്കാറിന്റേതോ, സാംസ്കാരിക വകുപ്പിന്റേതോ ആയിരിക്കണമെന്നില്ല. - എഡിറ്റർ

**Ishal Paithrkam**
**ISSN: 2582-550X**
Peer-Reviewed
UGC CARE indexed
Quarterly
Bilingual
Issue: 41
Online issue: 26
March: 2025
all rights reserved

**Editor**
Dr. Shamshad hussain. KT

Printed @
LIPI Offset
Malappuram

**Publisher**
Mahakavi Moyinkutty
Vaidyar
Mappila Kala Akademi
Kondotty, 673638
Ph: 0483-2711432

www.mappilakalaacademy.org
www.ishalpaithrkam.info

copyright rests with the publisher. the authors are responsible for the contents and views expressed.

# Practical Aspects of Clinical Linguistics

**Dr. Ciby Kurian**

Language plays a crucial role in organizing social life. Problems with language use cause a person to be alienated from the mainstream of society. This is where the Clinical Linguistics comes in handy to address various types of language impairments. The subject of this dissertation is the practical aspects of clinical linguistics that help individuals regain language proficiency through the diagnosis, analysis, and treatment of language problems. Here we analyze the origin and growth of this study, a sub-discipline of applied linguistics, the activities carried out by this branch of linguistics for linguistic problem solving, and their methodology. Clinical linguistics is an interdisciplinary field of study that combines different scientific disciplines such as linguistics, psychology, speech and language pathology, neuroscience, and education. This field of study, which identifies and suggests solutions to problems in language structure, language use, and communication, is very relevant in practical life. Since errors in communication through language can negatively affect an individual's intellectual and social development, such errors need to be identified and corrected early. The field of study known as clinical linguistics becomes effective when the various branches of linguistics are appropriately utilized in the medical field. Linguistic elements such as language structure, phonology, syntax, semantics, and practical approaches are utilized in clinical linguistics. Linguistic knowledge is applied in the medical field to assess and diagnose language disorders and prescribe appropriate treatment. All of these issues are analyzed in this paper. The scope of this study also includes the relevance of implementing clinical linguistics

principles in contemporary society, especially in the educational process as the teachers are the ones who can anticipate students' linguistic problems and suggest appropriate solutions. This paper also discusses the importance of providing them with the necessary training. Only if the concepts related to clinical linguistics, which are rapidly growing worldwide, are applied in the Kerala context, will their benefits reach the new generation. Based on this understanding, this study addresses the need for the Kerala community to embrace such timely and innovative fields of study and the means to do so.

**Keywords:** Clinical Linguistics, Applied Linguistics, Aphasia, Dysarthria, Dysphagia, Dyslexia

## Bibliography

David Crystal, 1981: Clinical Linguistics, In Arnold, G. E., Winckel, F& Wyke, B. D (eds), Disorders of Human Communication 3, Springer Verlag Wien, New York.

David Crystal, 2010: The Scope of Clinical Linguistics, Thomas W. Powell and Martin J. Ball (Eds), Clinical Linguistics, Routledge, New York.

Martin J. Ball, Nicole Muller and Elizabeth Spencer (eds), 2024: The Handbook of Clinical Linguistics (Second Edition), Wiley Blackwell, UK.

Noam Chomsky, Morris Halle, 1968: The Sound Pattern of English, Harper & Row, Publishers, New York.

**Dr. Ciby Kurian**
Associate Professor and Head
Department of Malayalam
Deva Matha College
Kuravilangad
Pin: 686633
Email: cibykv@gmail.com
Ph: +918547547810
ORCID: 0009-0009-0355-8759

# ക്ലിനിക്കൽ ഭാഷാശാസ്ത്രത്തിന്റെ പ്രായോഗികതലങ്ങൾ

**ഡോ. സിബി കുര്യൻ**

മനുഷ്യന്റെ സാമൂഹികജീവിതത്തെ ക്രമപ്പെടുത്തുന്നതിൽ ഭാഷാപ്രയോഗത്തിന് നിർണായക സ്ഥാനമാണുള്ളത്. ഭാഷാപ്രയോഗത്തിലെ പ്രശ്നങ്ങൾ വ്യക്തിയെ സമൂഹത്തിന്റെ മുഖ്യധാരയിൽനിന്ന് അകറ്റിനിർത്താൻ കാരണമാകുന്നു. ഇവിടെയാണ് ഭാഷാപ്രയോഗത്തിലെ പല വിധത്തിലുള്ള അപാകങ്ങൾ പരിഹരിക്കാൻ ഉപയുക്തമായ ക്ലിനിക്കൽ ഭാഷാശാസ്ത്രം പ്രസക്തമാകുന്നത്. ഭാഷാപ്രശ്നങ്ങളുടെ കണ്ടെത്തൽ, വിശകലനം, ചികിത്സ എന്നിവയിലൂടെ ഭാഷാപ്രാവീണ്യം വീണ്ടെടുക്കാൻ വ്യക്തിയെ സഹായിക്കുന്ന ക്ലിനിക്കൽ ഭാഷാശാസ്ത്രത്തിന്റെ പ്രായോഗികതലങ്ങളാണ് ഈ പ്രബന്ധത്തിന്റെ പഠനവിഷയം. പ്രായോഗിക ഭാഷാശാസ്ത്രത്തിന്റെ ഉപവിഭാഗമായ ഈ പഠനപദ്ധതിയുടെ ഉത്ഭവവും വളർച്ചയും, ഭാഷപരമായ പ്രശ്നപരിഹാരത്തിനായി ഈ ഭാഷാശാസ്ത്രശാഖ നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ, അവയുടെ രീതിശാസ്ത്രം എന്നിവ ഇവിടെ വിശകലനം ചെയ്യുന്നു. അതോടൊപ്പം സമകാലിക സമൂഹത്തിൽ വിശേഷിച്ചും വിദ്യാഭ്യാസപ്രക്രിയയിൽ ക്ലിനിക്കൽ ഭാഷാശാസ്ത്രതത്ത്വങ്ങൾ നടപ്പിലാക്കേണ്ടതിന്റെ പ്രസക്തിയും ഈ പഠനത്തിന്റെ വിഷയപരിധിയിൽ ഉൾപ്പെടുന്നു. കേരളീയ സമൂഹം കാലോചിതമായ ഇത്തരം നൂതന പഠനമേഖലകളെ ഉൾക്കൊള്ളേണ്ടതിന്റെ ആവശ്യകതയും അതിനുള്ള മാർഗങ്ങളും ഈ പ്രബന്ധത്തിന്റെ ആലോചനാ വിഷയമാണ്.

**താക്കോൽവാക്കുകൾ**: ക്ലിനിക്കൽ ഭാഷാശാസ്ത്രം, പ്രായോഗിക ഭാഷാശാസ്ത്രം, അഫാസിയ, ഡിസർത്രിയ, ഡിസ്ഫാഗിയ, ഡിസ്ലെക്സിയ

**ആമുഖം**

ഭാഷാവൈകല്യങ്ങളെക്കുറിച്ചുള്ള ചിന്തയ്ക്ക് മനുഷ്യഭാഷാ പ്രയോഗങ്ങളുടെ കാലത്തോളം പഴക്കമുണ്ട്. ഭാഷാപ്രയോഗത്തിൽ വന്നുചേരുന്ന ചെറുതും വലുതുമായ പ്രശ്നങ്ങൾക്കുള്ള പരിഹാര മാർഗങ്ങൾ പണ്ടുമുതലേ മനുഷ്യൻ അന്വേഷിച്ചിരിക്കാം. എങ്കിലും ഈ അടുത്തകാലംവരെ ഭാഷാവൈകല്യത്തിനു കാരണമാകുന്ന ശാരീരിക മാനസികപ്രശ്നങ്ങളെ ഒരു പരിധിവരെ അംഗീകരിച്ച് മുന്നോട്ടുപോകുന്ന പ്രവണതയാണ് സമൂഹം പുലർത്തിപ്പോന്നത്. മുറിച്ചുണ്ട്, അണ്ണാക്കിന്റെ വൈകല്യം, നാഡീസംബന്ധമായ പ്രശ്നങ്ങൾ എന്നിവ മൂലം സംസാരത്തിലും എഴുത്തിലുമുള്ള പ്രശ്നങ്ങളാൽ ക്ലേശമനുവിക്കുന്നവർ കുറച്ചുനാൾ മുമ്പുവരെ സമൂഹത്തിന്റെ ദുഃഖമായി നിലനിന്നിരുന്നു. ഇരുപതാംനൂറ്റാണ്ടിന്റെ ആരംത്തോടെയാണ് ഇത്തരം ഭാഷാവൈകല്യങ്ങൾക്കുള്ള ഫലപ്രദമായ പരിഹാരം ആധുനികവൈദ്യശാസ്ത്രം കണ്ടെത്തിയത്. ഈ മേഖലയിൽ വൈദ്യശാസ്ത്രത്തോടു ചേർന്നുനിന്നുകൊണ്ട് വിലപ്പെട്ട സംഭാവന നൽകുന്ന പ്രായോഗിക ഭാഷാശാസ്ത്രമേഖലയാണ് ക്ലിനിക്കൽ ഭാഷാശാസ്ത്രം.

**ക്ലിനിക്കൽ ഭാഷാശാസ്ത്രം**

ഭാഷാശാസ്ത്രം, മനഃശാസ്ത്രം, സംഭാഷണ ഭാഷാപ്രശ്ന പഠനം, നാഡീവ്യൂഹവിജ്ഞാനീയം, വിദ്യാഭ്യാസം തുടങ്ങിയ വ്യത്യസ്ത വൈജ്ഞാനികധാരകളെ സംയോജിപ്പിക്കുന്ന അന്തർവൈജ്ഞാനിക പഠനശാഖയാണ് ക്ലിനിക്കൽ ഭാഷാശാസ്ത്രം(Clinical Linguistics). ഭാഷാഘടന, ഭാഷാപ്രയോഗം, ആശയവിനിമയം എന്നിവയിലെ തകരാറുകൾ കണ്ടെത്തുകയും പരിഹാരം നിർദ്ദേശിക്കുകയും ചെയ്യുന്ന ഈ പഠനശാഖ പ്രായോഗിക ഭാഷാശാസ്ത്ര(Applied Linguistics)ത്തിന്റെ ഒരു ഉപവിഭാഗമാണ്. ഭാഷാവൈകല്യങ്ങളുടെ തിരിച്ചറിയൽ, വിശകലനം, ചികിത്സ എന്നിവയിലൂടെ മനുഷ്യന്റെ സ്വച്ഛമായ സാമൂഹികജീവിതം സാധ്യമാക്കുന്ന ക്ലിനിക്കൽ ഭാഷാശാസ്ത്രത്തിന് സമകാലിക സമൂഹത്തിൽ ഏറെ പ്രസക്തിയുണ്ട്. ഭാഷയിലൂടെയുള്ള ആശയവിനിമയത്തിൽ സംവിക്കുന്ന അപാകങ്ങൾ വ്യക്തിയുടെ ബൗദ്ധികവും സാമൂഹികവുമായ വികസനത്തെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ അത്തരം പിഴവുകൾ കാലേകൂട്ടി കണ്ടെത്തി പരിഹരിക്കേണ്ടതുണ്ട്. അതിന് ഭാഷാശാസ്ത്രത്തിന്റെ വിവിധ വിജ്ഞാനധാരകളെ വൈദ്യശാസ്ത്രരംഗത്ത് അനുലോമമായ വിധത്തിൽ ഉപയോഗപ്പെടുത്തുമ്പോഴാണ് ക്ലിനിക്കൽ ഭാഷാശാസ്ത്രമെന്ന പഠനശാഖ സഫലമാകുന്ന

ത്. ഭാഷാഘടന, സ്വനിമവിജ്ഞാനം(Phonology), വാക്യഘടന(Syntax), അർത്ഥവിജ്ഞാനം(Semantics), പ്രായോഗിക സമീപനം(Pragmatic Approach) തുടങ്ങിയ ഭാഷാശാസ്ത്രപരമായ ഘടകങ്ങൾ ക്ലിനിക്കൽ ഭാഷാശാസ്ത്രത്തിൽ പ്രയോജനപ്പെടുത്തുന്നു. ഭാഷാവൈകല്യങ്ങൾ വിലയിരുത്തി രോഗനിർണയം നടത്തുന്നതിനും ഉചിതമായ രീതിയിലുള്ള ചികിത്സ നിർദ്ദേശിക്കുന്നതിനുമാണ് ഭാഷാജ്ഞാനം വൈദ്യശാസ്ത്രരംഗത്ത് പ്രയോഗസിദ്ധമാക്കുന്നത്.

**വളർച്ചയും വികാസവും**

റോമൻ ജേക്കബ്സൺ(Roman Jakobson) എന്ന റഷ്യൻ ഘടനാവാദിയായ ഭാഷാശാസ്ത്രജ്ഞനാണ് ഭാഷാശാസ്ത്രതത്ത്വങ്ങൾ സംഭാഷണ ഭാഷാപ്രശ്നപഠന(Speech Language Pathology)ത്തിന് ആദ്യമായി ഉപയോഗപ്പെടുത്തിയത്. 1941ൽ റഷ്യൻ ഭാഷയിൽ പ്രസിദ്ധീകരിച്ച *കിൻഡർസ്പ്രാഷെ, അഫാസി അൻഡ് ആൾജെമൈൻ ലൗട്ട്ഗെസെറ്റ്സെ*(Kinderspache, Aphasie undallegemeine Lautgesetze-Child language, Aphasia and Phonological Universals) എന്ന ഗ്രന്ഥത്തിലൂടെ ജേക്കബ്സൺ കുട്ടികളുടെ ഭാഷാർജനത്തിലും തലച്ചോറുസംബന്ധമായ പ്രശ്നങ്ങളാൽ മുതിർന്നവരുടെ ഭാഷാപ്രയോഗത്തിലും വന്നുചേരുന്ന തകരാറുകൾ വിശകലനവിധേയമാക്കി. ഭാഷാപരമായ സാർവ്വത്രികത, സങ്കീർണ്ണത, വൈരുദ്ധ്യങ്ങൾ, പരോക്ഷബന്ധങ്ങൾ, അടയാളപ്പെടുത്തലുകൾ എന്നിവ അദ്ദേഹം പ്രസ്തുത ഗ്രന്ഥത്തിൽ ചർച്ചചെയ്യുന്നു. ഈ പുസ്തകത്തിന്റെ ഇംഗ്ലീഷ് പരിഭാഷ 1968 ൽ പ്രസിദ്ധീകരിക്കപ്പെട്ടതോടെ ജേക്കബ്സണിന്റെ ഭാഷാസംബന്ധിയായ നിരീക്ഷണങ്ങളുടെ സൈദ്ധാന്തികവും വൈദ്യശാസ്ത്രപരവുമായ തലങ്ങൾ ലോകവ്യാപകമായി ചർച്ചചെയ്യപ്പെട്ടു. അതോടെ അമേരിക്കയിലും യൂറോപ്പിലും സ്വനവിജ്ഞാനീയം, വാക്യവിജ്ഞാനീയം, വ്യാകരണം തുടങ്ങിയ ഭാഷാപഠനമേഖലകൾ ഭാഷാവൈകല്യപഠനത്തിന് അനുഗുണമായ വിധത്തിൽ പരിവർത്തിക്കപ്പെട്ടു. ഒരു വ്യക്തിയുടെ ക്രമവിരുദ്ധമായ ശബ്ദമാതൃകകളും സാധാരണ ഭാഷാവ്യവസ്ഥയ്ക്ക് സമാനമായ നിയമങ്ങൾ പാലിക്കുന്നുണ്ടെന്ന ജേക്കബ്സണിന്റെ അഭിപ്രായം ഇന്നും ക്ലിനിക്കൽ ഭാഷാശാസ്ത്രരംഗത്ത് മാർഗനിർദ്ദേശക തത്ത്വമായി അംഗീകരിച്ചുപോരുന്നു.

പ്രശസ്ത ഭാഷാശാസ്ത്രജ്ഞരായ നോം ചോംസ്കി (Noam Chomsky)യും മോറിസ് ഹാലെ(Morris Halle)യും ചേർന്ന് 1968 ൽ രചിച്ച *ദി സൗണ്ട് പാറ്റേൺ ഓഫ് ഇംഗ്ലീഷ്* എന്ന ഗ്രന്ഥം ഭാഷാപ്ര

ISSN:2582-550X

ശ്നങ്ങളുടെ പഠനത്തിൽ പുതുസമീപനങ്ങൾക്ക് വഴിതെളിച്ചു. റ ഷ്യൻ ഭാഷാശാസ്ത്രജ്ഞനായ റോമൻ ജേക്കബ്സണ് സമർപ്പിച്ചി രിക്കുന്ന ഈ പുസ്തകത്തിലെ ആശയങ്ങൾ ക്ലിനിക്കൽ ഗവേഷ കർ ഭാഷാവിശകലനത്തിനും ചികിത്സാ നടപടിക്രമങ്ങൾക്കും ഉപ യോഗപ്പെടുത്തി. സ്വനവിജ്ഞാനീയത്തെക്കുറിച്ചും അതിന്റെ തത്ത്വ ങ്ങളെക്കുറിച്ചും സവിസ്തരം പ്രതിപാദിക്കുന്ന *ദി സൗണ്ട് പാറ്റേൺ ഓഫ് ഇംഗ്ലീഷ്* എന്ന ഗ്രന്ഥത്തിലെ ആശയങ്ങളുടെ സ്വാധീനഫല മായി ശബ്ദാനുശബ്ദം പരിശോധിച്ച് സംഭാഷണപ്രശ്നങ്ങളെ പരി ഹരിക്കുന്ന പഴയ സമീപനത്തിനുപകരം ഭാഷാശാസ്ത്രപരമായ ആ ശയങ്ങൾക്കും സ്വനിമപരമായ വസ്തുതകൾക്കും പ്രാമുഖ്യം നൽ കുന്ന പുതിയ പഠനരീതി പ്രാബല്യത്തിൽവന്നു. അതോടെ പ്രജന ക സ്വനവിജ്ഞാനീയ(Generative Phonology)ത്തിന്റെ തത്ത്വങ്ങൾ ഭാ ഷാനുബന്ധ ചികിത്സാക്രമങ്ങളിൽ ഉപയോഗിച്ചു തുടങ്ങി.

1970 കളോടെ ക്ലിനിക്കൽ ഭാഷാശാസ്തം ഭാഷാവൈകല്യ ചികിത്സാരംഗത്ത് പ്രതിഷ്ഠാപിതമായി. ക്ലിനിക്കൽ ഭാഷാശാസ്ത്ര ത്തിന്റെ പിതാവെന്ന് വിശേഷിപ്പിക്കപ്പെടുന്ന ബ്രിട്ടീഷ് ഭാഷാശാ സ്ത്രജ്ഞനായ ഡേവിഡ് ക്രിസ്റ്റൽ(David Crystal) 1981 *ക്ലിനിക്കൽ ലിംഗ്വിസ്റ്റിക്സ്* എന്ന പുസ്തകം പ്രസിദ്ധീകരിച്ചതോടെയാണ് ഈ പഠനമേഖല സ്വതന്ത്രമായ നിലകൈവരിച്ചത്. ഭാഷാവൈകല്യങ്ങൾ കണ്ടെത്തി ഉചിതമായ ചികിത്സ നൽകുന്നതിനായി ഭാഷാശാസ് ത്രത്തിന്റെ സിദ്ധാന്തങ്ങളും രീതികളും കണ്ടെത്തലുകളും പ്രയോ ഗസിദ്ധമാക്കുന്ന മേഖലയെന്ന് ക്ലിനിക്കൽ ഭാഷാശാസ്ത്രത്തെ ഡേ വിഡ് ക്രിസ്റ്റൽ നിർവചിച്ചു(David, 1981:1). തുടർന്ന് ഭാഷാപ്രയോ ഗത്തെ സംബന്ധിച്ച് വ്യത്യസ്തതലങ്ങളിൽ ഊന്നിയുള്ള നിരവധി പഠനങ്ങൾ ഈ മേഖലയിലുണ്ടായി. ഡേവിഡ് ക്രിസ്റ്റൽ, ജീൻ കൂ പ്പറു(Jean Cooper)മായി ചേർന്ന് *സ്റ്റഡീസ് ഇൻ ലാംഗ്വേജ് ഡിസെ ബിലിറ്റി ആന്റ് റമഡിയേഷൻ*എന്ന പേരിൽ പുറത്തിറക്കിയ പുസ് തകപരമ്പര ക്ലിനിക്കൽ ഭാഷാശാസ്ത്രമേഖലയ്ക്ക് പുതിയ ദിശാ ബോധം പകർന്നുനൽകി. 1991 ൽ വെയിൽസിലെ കാർഡിഫ് ഇൻ സ്റ്റിറ്റ്യൂട്ട് ഓഫ് ഹയർ എജ്യുക്കേഷനിൽവച്ച് ക്ലിനിക്കൽ ഫൊണ റ്റിക്സ് എന്ന വിഷയത്തിൽ നടന്ന സിമ്പോസിയത്തിന്റെ ഫലമാ യി സംഭാഷണവൈകല്യങ്ങളും ഭാഷാപ്രശ്നങ്ങളുമായി ബന്ധപ്പെ ട്ട ഭാഷാശാസ്ത്രതത്ത്വങ്ങൾ പഠനവിധേയമാക്കുന്നതിനായി ഇന്റർ നാഷണൽ ക്ലിനിക്കൽ ഫൊണറ്റിക്സ് ആൻഡ് ലിംഗ്വിസ്റ്റിക് അ സോസിയേഷൻ (ICPLA) എന്ന അന്താരാഷ്ട്രസംഘടന നിലവിൽവ ന്നു. ടെയ്ലർ ആൻഡ് ഫ്രാൻസിസ് ഗ്രൂപ്പ് 1987 മുതൽ പ്രസിദ്ധീകരി

ച്ചുവന്ന *ജേർണൽ ഓഫ് ക്ലിനിക്കൽ ലിംഗ്വിസ്റ്റിക്സ് ആൻഡ് ഫൊണറ്റിക്സ്* ആണ് സംഘടനയുടെ ഔദ്യോഗിക ജേണൽ. 2007 മുതൽ എല്ലാ മാസവും പ്രസിദ്ധീകരിക്കുന്ന ഈ ജേണൽ ക്ലിനിക്കൽ ഭാഷാശാസ്ത്രത്തിലെ നവീനമായ അറിവുകൾ പങ്കുവയ്ക്കുന്നു.

**പഠനമേഖല**

സംസാരവൈകല്യങ്ങൾ, ഭാഷാബലഹീനത, നാഡീസംബന്ധമായ ആശയവിനിമയപ്രശ്നങ്ങൾ, ബുദ്ധിവികാസവുമായി ബന്ധപ്പെട്ട ആശയവിനിമയ തകരാറുകൾ, ദ്വിഭാഷാബഹുഭാഷാവികാസത്തിലെ ക്രമക്കേടുകൾ, ഭാഷാമൂല്യനിർണ്ണയത്തിലെ ഇടപെടൽ രീതികൾ, സാമൂഹിക സന്ദർഭങ്ങളിലെ ഭാഷാപ്രയോഗം എന്നിങ്ങനെ വ്യക്തിയുടെ ഭാഷാപ്രയോഗവുമായി ബന്ധപ്പെടുന്ന എല്ലാ മേഖലകളെയും ക്ലിനിക്കൽ ഭാഷാശാസ്ത്രം ഉൾക്കൊള്ളുന്നുണ്ട്. അഫാസിയ(Aphasia), ഡിസർത്രിയ(Dysarthria), ഡിസ്ഫാഗിയ(Dysphagia), ഡിസ്ലെക്സിയ(Dyslexia) തുടങ്ങിയ ഭാഷാപ്രയോഗ സംബന്ധിയായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ചികിത്സാപദ്ധതിയുടെ ഭാഗമായി ക്ലിനിക്കൽ ഭാഷാശാസ്ത്രം ഉപയോഗിക്കുന്നു. ഭാഷ മനസ്സിലാക്കാനും വായിക്കാനും എഴുതാനുമുള്ള വ്യക്തിയുടെ കഴിവിനെ ബാധിക്കുന്ന ഭാഷാവൈകല്യമാണ് അഫാസിയ. പദങ്ങൾ രൂപപ്പെടുത്തുന്നതിനും ഉച്ചരിക്കുന്നതിനുമുള്ള പേശീസംബന്ധമായ ബുദ്ധിമുട്ടാണ് ഡിസർത്രിയ. തൊണ്ടയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളാണ് ഡിസ്ഫാഗിയ. ഡിസ്ലെക്സിയ എന്നത് വായന, എഴുത്ത് എന്നിവ സംബന്ധിച്ച പ്രശ്നങ്ങളാണ്. ഇത്തരം ഭാഷാവൈകല്യങ്ങളുടെ സ്വഭാവവും സവിശേഷതകളും മനസ്സിലാക്കുക, തെളിവുകൾ അടിസ്ഥാനമാക്കിയുള്ള വിലയിരുത്തലും ചികിത്സാരീതികളും വികസിപ്പിക്കുക, ഭാഷാവൈകല്യമുള്ള വ്യക്തികൾക്ക് ആവശ്യമായ ആശയവിനിമയ ഉപാധികൾ വികസിപ്പിക്കുക, ഭാഷാപരമായ ബുദ്ധിമുട്ടുനേരിടുന്നവർക്ക് ഉപകരിക്കുന്ന രീതിയിൽ ഭാഷാനയങ്ങളും വിദ്യാഭ്യാസരീതികളും പരിഷ്ക്കരിക്കുക എന്നിവയൊക്കെ ക്ലിനിക്കൽ ഭാഷാശാസ്ത്രത്തിന്റെ ലക്ഷ്യങ്ങളാണ്.

**പഠനപദ്ധതി**

ക്ലിനിക്കൽ ഭാഷാശാസ്ത്രജ്ഞർ ഭാഷാപരികല്പനകൾ സാർത്ഥകമാക്കുന്നതിനായി സവിശേഷമായ രീതിശാസ്ത്രപദ്ധതികൾ നടപ്പിലാക്കുന്നു. ഭാഷാമാതൃകയുടെ പരിശോധനയും വിശകലനവും പ്രാഥമികമായി സാദ്ധ്യമാക്കുന്നു. തുടർന്ന് സംസാരത്തിനും എഴുത്തിനുമുള്ള ഉപാധിയെന്ന നിലയിൽ ഭാഷയെ വിശകല

നംചെയ്യുന്നു. സ്വനവിജ്ഞാനപരവും സ്വനസൂചകവുമായ വിശകലനവും ഈ പഠനപദ്ധതിയുടെ ഭാഗമാണ്. ന്യൂറോലിംഗ്വിസ്റ്റിക്, ന്യൂറോ ഇമേജിംഗ് സങ്കേതങ്ങളും ഭാഷാവൈകല്യഗ്രഹണത്തിനായി ഉപയോഗിക്കുന്നു. ഭാഷാ ഇടപെടൽ പഠന(Language Intervention Studies)ങ്ങളും കേസ് സ്റ്റഡീസും ക്ലിനിക്കൽ ഭാഷാശാസ്ത്രത്തിന്റെ രീതിശാസ്ത്രപദ്ധതിയിൽ ഉൾപ്പെടുന്നു. ക്ലിനിക്കൽ സ്വനവിജ്ഞാനം(Clinical Phonetics), ക്ലിനിക്കൽ സ്വനിമവിജ്ഞാനീയം(Clinical Phonology), ക്ലിനിക്കൽ ഛന്ദശാസ്ത്രം(Clinical Prosody), ക്ലിനിക്കൽ രൂപിമവിജ്ഞാനീയം(Clinical Morphology), ക്ലിനിക്കൽ വാക്യവിജ്ഞാനീയം(Clinical Syntax), ക്ലിനിക്കൽ അർത്ഥവിജ്ഞാനീയം(Clinical Semantics), ക്ലിനിക്കൽ പ്രായോഗികജ്ഞാനം(Clinical Pragmatic), ക്ലിനിക്കൽ വ്യവഹാരം(Clinical Discourse) എന്നിങ്ങനെ ഭാഷാശാസ്ത്രവുമായി നേരിട്ടു ബന്ധംപുലർത്തുന്ന നിരവധി വിഭാഗങ്ങളുടെ സഞ്ചയമാണ് ക്ലിനിക്കൽ ഭാഷാശാസ്ത്രം. ഭാഷാശാസ്ത്രപഠനമേഖലയിലെ അടിസ്ഥാനഘടകങ്ങളെ ഭാഷാപ്രശ്ന ചികിത്സയ്ക്കായി ഉപയോഗപ്പെടുത്തുകയാണ് ഇതിന്റെ സ്വഭാവം.

മനുഷ്യന്റെ ഉച്ചരിതശബ്ദങ്ങളുടെ പഠനവും വ്യവസ്ഥാപിതമായ വർഗീകരണവും സാധ്യമാക്കുന്ന ഭാഷാശാസ്ത്രവിഭാഗമായ സ്വനവിജ്ഞാനം വ്യക്തിയുടെ സംഭാഷണവ്യത്യാസങ്ങളും ക്രമക്കേടുകളും നിർണയിക്കുന്നതിനായി ക്ലിനിക്കൽ പഠനങ്ങളിൽ ഉപയോഗിക്കുന്നു. സംസാരഭാഷയിലെ ശബ്ദങ്ങളുടെയും ആംഗ്യഭാഷയിലെ അടയാളങ്ങളുടെയും വ്യവസ്ഥാപിതമായ ഘടന വിശകലനംചെയ്യുന്ന ഭാഷാശാസ്ത്രശാഖയാണ് സ്വനിമവിജ്ഞാനീയം. ഒരു നിശ്ചിത ഭാഷയിലെ സംഭാഷണശബ്ദങ്ങളെ വ്യാഖ്യാനിക്കുന്നതിനും ആ ഭാഷയിലെ സ്വനിമങ്ങളെ വിലയിരുത്തുന്നതിനും ക്ലിനിക്കൽ സ്വനിമവിജ്ഞാനീയം ഊന്നൽനൽകുന്നു. ഭാഷയിലെ അക്ഷരങ്ങളുടെ ഘടനയും സംഭാഷണത്തിലെ വലിയ യൂണിറ്റുകളുടെ പ്രത്യേകതകളും പരിഗണിക്കുന്ന ഛന്ദശാസ്ത്രത്തിന് ക്ലിനിക്കൽ ഭാഷാശാസ്ത്രത്തിൽ ഏറെ പ്രാധാന്യമുണ്ട്. വ്യക്തിയുടെ വൈകാരികനില വെളിവാക്കുന്ന ഭാഷണത്തെ വിലയിരുത്തേണ്ടി വരുന്ന ഘട്ടത്തിൽ ഛന്ദശാസ്ത്രം ചികിത്സാരംഗത്ത് ഏറെ പ്രയോജനപ്രദമാകുന്നു. ഭാഷയിലെ പദങ്ങൾ, പദങ്ങളുടെ രൂപീകരണം, പദങ്ങൾക്ക് മറ്റു പദങ്ങളുമായുള്ള ബന്ധം എന്നിവ പഠനവിധേയമാക്കുന്ന രൂപിമവിജ്ഞാനീയത്തിന് ഭാഷാധിഷ്ഠിത ചികിത്സാരംഗത്ത് ഗണ്യമായ സ്ഥാനമുണ്ട്. ഭാഷാപ്രശ്നങ്ങൾ നേരിടുന്ന വ്യക്തിയുടെ ഭാഷാപ്രയോഗത്തിലെ ധാതു, പ്രകൃതി, പ്രത്യയം എന്നിവയുടെ ഉപ

യോഗഭേദങ്ങൾ വിലയിരുത്തുന്നതിനും പരിഹരിക്കുന്നതിനും രൂപിമവിജ്ഞാനീയത്തിന്റെ തത്ത്വങ്ങൾ സഹായകമാകുന്നു.

ഭാഷയിലെ വാക്യങ്ങളുടെ ഘടനയെ രൂപപ്പെടുന്ന നിയമങ്ങളുടെയും തത്ത്വങ്ങളുടെയും പ്രക്രിയകളുടെയും സഞ്ചയമെന്ന നിലയിൽ വാക്യവിജ്ഞാനിയത്തിന് ക്ലിനിക്കൽ ഭാഷാശാസ്ത്രത്തിൽ ഏറെ പ്രാധാന്യമുണ്ട്. ഓരോ ഭാഷയുടെയും വ്യത്യസ്തമായ വാക്യഘടനാ നിയമങ്ങൾ പാലിച്ചുകൊണ്ട് സംസാരിക്കാനും എഴുതാനും ഭാഷകനു കഴിയേണ്ടതുണ്ട്. ഇതിൽ സംഭവിക്കുന്ന പിഴവുകൾ സൂക്ഷ്മതലത്തിൽ വിലയിരുത്തണമെങ്കിൽ വാക്യവിജ്ഞാനീയത്തിന്റെ അടിസ്ഥാനതത്ത്വങ്ങളെക്കുറിച്ചുള്ള ധാരണ ഭാഷാചികിത്സകന് അത്യന്താപേക്ഷിതമാണ്. ഭാഷയിലെ അടയാളങ്ങളുടെയും ചിഹ്നങ്ങളുടെയും വ്യാഖ്യാനപഠനമാണ് അർത്ഥവിജ്ഞാനീയം. വ്യത്യസ്ത സന്ദർഭങ്ങളിലും സാഹചര്യങ്ങളിലും പദങ്ങളുടെയും വാക്യങ്ങളുടെയും അർത്ഥത്തിന് വ്യതിയാനം സംഭവിക്കുന്നു. ഈ വ്യതിയാനം ഉൾക്കൊള്ളാൻ ഭാഷകനു കഴിയുമ്പോഴാണ് ഭാഷ അർത്ഥപൂർണമായി പ്രയോഗിക്കപ്പെടുന്നത്. ഈ രംഗത്തു നേരിടുന്ന ഭാഷാപ്രശ്നങ്ങളും ഗൗരവമായി പരിഗണിക്കേണ്ടതുണ്ട്. ഒരു സന്ദർഭം അല്ലെങ്കിൽ പ്രകരണം എങ്ങനെ അർത്ഥത്തെ നിയന്ത്രിക്കുന്നു എന്നതിനെക്കുറിച്ച് ശാസ്ത്രീയമായി പഠിക്കുന്ന പ്രായോഗികവിജ്ഞാനം ഭാഷാപഠനത്തിൽ നിർണായക പങ്കുവഹിക്കുന്നു. പ്രായോഗിക ഭാഷാവൈകല്യങ്ങളുടെ നിർണയവും വർഗീകരണവും നടത്തുന്നതിനും അതിന്റെ അടിസ്ഥാനത്തിൽ ന്യൂറോളജിക്കൽ സിദ്ധാന്തങ്ങൾ രൂപീകരിക്കുന്നതിനും ചികിത്സ ഫലപ്രദമായി നടപ്പിലാക്കുന്നതിനും ഭാഷാശാസ്ത്രത്തിലെ പ്രായോഗിക വിജ്ഞാനം ഉപയോഗപ്പെടുത്തുന്നു. ആരോഗ്യസംരക്ഷണ ക്രമീകരണങ്ങൾക്കായി ഉപയോഗിക്കുന്ന ഭാഷയെയും ആശയവിനിമയത്തെയും സൂചിപ്പിക്കുന്ന ക്ലിനിക്കൽ വ്യവഹാരം ചികിത്സാരംഗത്ത് സാർവ്വത്രികമായി പ്രയോഗിച്ചുവരുന്നു. രോഗിയും ചികിത്സകനുമായുള്ള ആശയവിനിമയം, മെഡിക്കൽ സാങ്കേതികസംജ്ഞകളുടെ പ്രയോഗം, ചികിത്സ സംബന്ധിച്ച ചർച്ചകളും തീരുമാനം കൈക്കൊള്ളലും, രോഗിക്ക് നൽകുന്ന വൈകാരിക പിന്തുണ എന്നീ മേഖലകളിലെല്ലാം ക്ലിനിക്കൽ വ്യവഹാരം പ്രയോജനപ്പെടുന്നു.

**ക്ലിനിക്കൽ ഭാഷാശാസ്ത്രത്തിന്റെ സമകാലികത**

ചികിത്സാരംഗത്തെയും ഭാഷാപ്രയോഗത്തെയും സംയോജിപ്പിക്കുന്ന ക്ലിനിക്കൽ ഭാഷാശാസ്ത്രം ഏറെ കാലികപ്രസക്തമായ ഒരു പഠനമേഖലയാണ്. ആരോഗ്യപരിപാലന രംഗത്തെ ഏറ്റ

വും നൂതനമായ പുരോഗതിയെ ഈ പഠനമേഖല സംവഹിക്കുന്നുണ്ട്. വ്യക്തിഗത ആവശ്യങ്ങൾക്ക് അനുസൃതമായി ഭാഷാ ഇടപെടലുകൾ ക്രമീകരിക്കുന്നതിനും ചികിത്സ നിർദ്ദേശിക്കുന്നതിനും ഇതിലൂടെ സാധിക്കുന്നു. വിദൂര ഭാഷാവിലയിരുത്തലുകളും തദനുസൃതമായ ചികിത്സകളും സാധ്യമാക്കുന്ന ടെലിഹെൽത്ത് മേഖലയിൽ ശ്രദ്ധേയമായ ഇടപെടലുകൾ ക്ലിനിക്കൽ ഭാഷാശാസ്ത്രം വഴി സാധ്യമാകുന്നു. പുതിയ സാഹചര്യങ്ങൾക്കും സന്ദർഭങ്ങൾക്കും അനുസരിച്ച് ശാരീരിക പ്രവർത്തനങ്ങളെ ക്രമപ്പെടുത്താനുള്ള മസ്തിഷ്കശേഷി(Neuroplasticity) വിലയിരുത്താനും അതിന്റെ അടിസ്ഥാനത്തിൽ ഭാഷ വീണ്ടെടുക്കാൻ പര്യാപ്തമായ രീതിയിൽ മസ്തിഷ്ക പുനഃസംഘാടനം സാധ്യമാക്കാനും ക്ലിനിക്കൽ ഭാഷാശാസ്ത്രത്തിലൂന്നിയ ചികിത്സയിലൂടെ കഴിയുന്നു. ഈ മേഖലയിൽ നൂതന സാങ്കേതിക പുരോഗതി ഇന്നേറെ ഉപയോഗപ്പെടുത്തുന്നുണ്ട്. ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ സ്വാധീനം മറ്റു മേഖലകളിൽ എന്നതുപോലെ ക്ലിനിക്കൽ ഭാഷാശാസ്ത്രത്തിലെ ഭാഷാവിലയിരുത്തലിലും ചികിത്സയിലും പ്രകടമാകുന്നു. നാച്ചുറൽ ലാംഗ്വേജ് പ്രോസസിംഗ് രീതികൾ, മൊബൈൽ ഹെൽത്ത് ആപ്പുകൾ എന്നിവയൊക്കെ ഇന്നു ഭാഷാചികിത്സാരംഗത്ത് സാധാരണമായിക്കഴിഞ്ഞു. ഇവയുടെ സുഗമമായ പ്രവർത്തനത്തെയും ക്ലിനിക്കൽ ഭാഷാശാസ്ത്രം ഗുണപരമായി സ്വാധീനിക്കുന്നുണ്ട്.

ഭാഷാപ്രയോഗത്തിൽ ഉണ്ടാകുന്ന പ്രശ്നങ്ങളെക്കുറിച്ചും അവ യഥാസമയം പരിഹരിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും സാമൂഹികാവബോധം സൃഷ്ടിക്കുന്നതിന് ക്ലിനിക്കൽ ഭാഷാശാസ്ത്രത്തിന്റെ സാർവ്വത്രികത കാരണമായിട്ടുണ്ട്. ആരോഗ്യരംഗത്തെ ഭാഷാവൈവിധ്യപഠനത്തെ അഭിസംബോധന ചെയ്യുന്നതിനും വ്യത്യസ്ത ജനവിഭാഗങ്ങൾക്ക് തുല്യമായ ആശയവിനിമയ സാധ്യത ഉറപ്പാക്കുന്നതിനും ആരോഗ്യസാക്ഷരതയിലൂടെ ആരോഗ്യമേഖലയിലെ പുതിയ വിവരങ്ങൾ വിനിമയം ചെയ്യുന്നതിനും ക്ലിനിക്കൽ ഭാഷാശാസ്ത്രം സഹായകമായിട്ടുണ്ട്. ഇതിന്റെ ഫലമായി മസ്തിഷ്ക സംബന്ധമായ പ്രശ്നങ്ങൾ കാലേക്കൂടി മനസ്സിലാക്കാനും അതിന് ഉചിതമായ ചികിത്സ നടത്താനുമുള്ള ആർജ്ജവം സാധാരണ ജനങ്ങൾക്കിടയിൽ വ്യാപകമായിട്ടുണ്ട്. ഓട്ടിസം സ്പെക്ട്രം ഡിസോർഡർ(ASD), ഡിമെൻഷ്യ, ട്രോമാറ്റിക് ബ്രയിൻ ഇൻജുറി(TBI) എന്നിവ മൂലമുണ്ടാകുന്ന ഭാഷാപ്രശ്നങ്ങൾ നേരിടുന്നവർക്ക് യഥായോഗ്യമായ പരിചരണവും പുനരധിവാസവും നൽകാൻ ഇന്ന് സാധിക്കുന്നുണ്ട്. ഈ മേഖലകളുമായി ബന്ധപ്പെട്ട് തുടർന്നുകൊ

ണ്ടിരിക്കുന്ന ഗവേഷണങ്ങൾ ഭാഷാചികിത്സാരംഗത്ത് ഇനിയും ഏറെ മനുഷ്യോപകാരപ്രദമായ നേട്ടങ്ങൾ കൈവരിക്കുമെന്നത് ഭാവിയുടെ ശുഭപ്രതീക്ഷയാണ്.

**ക്ലിനിക്കൽ ഭാഷാശാസ്ത്രവും വിദ്യാഭ്യാസരംഗവും**

ക്ലിനിക്കൽ മേഖലയുമായി ബന്ധപ്പെട്ടാണ് ഭാഷാശാസ്ത്രതത്ത്വങ്ങൾ ഉപയോഗപ്പെടുത്തിയത് എന്നതിനാൽ ക്ലിനിക്കൽ ഭാഷാശാസ്ത്രം വൈദ്യശാസ്ത്രത്തോട് അനുരൂപപ്പെട്ടാണ് ആദ്യകാലത്ത് വളർന്നുവികസിച്ചത്. എന്നാലിന്ന് ഇത്തരം പഠനങ്ങൾ വിദ്യാഭ്യാസപരവും സാമൂഹികവും മാനസികവുമായ സന്ദർഭങ്ങളിൽ പ്രയോഗസാധ്യത കണ്ടെത്തുന്നു. ഭാഷാപ്രശ്നങ്ങളെക്കുറിച്ച് പ്രായോഗികപരിജ്ഞാനം ലഭിച്ച അദ്ധ്യാപകർക്ക് വിദ്യാർത്ഥികളുടെ ഭാഷാപരമായ പ്രശ്നങ്ങൾ ഗ്രഹിക്കാനും ഉചിതമായ പരിഹാരം നിർദ്ദേശിക്കാനും കഴിയും. ഇങ്ങനെ ചികിത്സയുടെ മേഖലയിൽനിന്ന് ഇതര മേഖലകളിലേക്ക് വ്യാപിക്കുന്ന ഘട്ടത്തിൽ ക്ലിനിക്കൽ ഭാഷാശാസ്ത്രം പരിഹാര ഭാഷാശാസ്ത്ര(Remedial Linguistics)മായി പരിണമിക്കുന്നുവെന്നാണ് ഈ രംഗവുമായി ബന്ധപ്പെട്ട് ഗവേഷണം നടത്തുന്നവർ അഭിപ്രായപ്പെടുന്നത്.

വ്യക്തിയുടെ ഭാഷാപരമായ പ്രശ്നങ്ങൾ എത്ര നേരത്തെയും കൃത്യമായും ഗ്രഹിക്കുന്നുവോ അത്രതന്നെ സൂക്ഷ്മവും ഫലപ്രദവുമായ പരിഹാരങ്ങൾ കണ്ടെത്താൻ കഴിയുന്നു. വീട്ടിൽവച്ചു തന്നെയാണ് കുട്ടികളുടെയും പ്രായമായവരുടെയും ഭാഷാപരമായ ക്ലേശങ്ങൾ പ്രാഥമികമായി തിരിച്ചറിയേണ്ടത്. എന്നാൽ കുട്ടികളുടെ കാര്യത്തിൽ പലപ്പോഴും പ്രശ്നങ്ങൾ നേരത്തെ തിരിച്ചറിയാൻ മാതാപിതാക്കൾക്ക് കഴിയാതെ വരുന്നുണ്ട്. ഇവിടെ ക്രിയാത്മകമായി ഇടപെടാൻ കഴിയുന്നത് അധ്യാപകർക്കാണ്. വിദ്യാർത്ഥികളുടെ പലവിധത്തിലുള്ള ഭാഷാപരമായ വെല്ലുവിളികൾ യഥാസമയം തിരിച്ചറിയാനും അനുയോജ്യമായ ചികിത്സ നിർദ്ദേശിക്കാനും അധ്യാപകർക്ക് സാധിക്കണം. അതുകൊണ്ടുതന്നെ അധ്യാപകർക്ക് ക്ലിനിക്കൽ ഭാഷാശാസ്ത്രത്തിന്റെ പ്രാഥമികപാഠങ്ങൾ കൈവരിക്കാൻ കഴിയുംവിധം അധ്യാപകപരിശീലന കോഴ്സുകളിൽ നവീകരണം ആവശ്യമാണ്. പ്രത്യേകിച്ചും പ്രൈമറി ക്ലാസ്സുകളിലെ അധ്യാപകപരിശീലനത്തിലാണ് ഇക്കാര്യത്തിൽ ഏറെ ഊന്നൽ നൽകേണ്ടത്. ക്ലിനിക്കൽ ഭാഷാശാസ്ത്രതത്ത്വങ്ങളുടെ സത്ത ഉൾക്കൊണ്ട് ഭാഷാ വിദ്യാഭ്യാസനയങ്ങൾ പരിഷ്ക്കരിക്കുക, സ്കൂളുകളിൽ സമൂല ഭാഷാപരിശീലനപദ്ധതി ആരംഭിക്കുക, ഭാഷാസേവനങ്ങൾ ലഭിക്കാൻ സഹായകമാകുന്ന വിധത്തിൽ ആരോഗ്യരംഗത്തെ നയ

ങ്ങൾ പരിഷ്കരിക്കുക എന്നിവയിലൂടെ ഭാഷാസംബന്ധമായി ഉണ്ടാകുന്ന പരിമിതി മറികടക്കാൻ സമൂഹത്തിനു സാധിക്കും.

**കേരളീയപരിസരം**

ലോകമെമ്പാടും ദ്രുതഗതിയിൽ വളർച്ച പ്രാപിക്കുന്ന ക്ലിനിക്കൽ ഭാഷാശാസ്ത്രവുമായി ബന്ധപ്പെട്ട പരികല്പനകളെ കേരളീയസന്ദർത്തിൽ പ്രയോഗസിദ്ധമാക്കിയാൽ മാത്രമേ അതിന്റെ ഗുണഫലങ്ങൾ പുതുതലമുറയിലേക്ക് എത്തിച്ചേരുകയുള്ളു. ഈ ഇന്റർനെറ്റ് യുഗത്തിൽ ക്ലിനിക്കൽ ഭാഷാശാസ്ത്രത്തിലെ വൈദ്യശാസ്ത്രസംബന്ധിയായ കാര്യങ്ങൾ സ്വാഭാവികമായിതന്നെ കേരളത്തിലെ ചികിത്സാരംഗത്ത് കടന്നുവരും. അതിനനുസൃതമായ സാമൂഹികബോധം വളർത്തിയെടുക്കാനുള്ള നടപടിക്രമങ്ങളാണ് ഇനിയുണ്ടാകേണ്ടത്. വ്യക്തികളുടെ ഭാഷാപ്രശ്നങ്ങളെ വെറുപ്പോടെയും പരിഹാസത്തോടെയും നോക്കിക്കാണുന്നതിനു പകരം സമചിത്തതയോടെ സമീപിക്കാനാണ് സമൂഹം തയ്യാറാകേണ്ടത്. അതിനുള്ള എറ്റവും നല്ല മാർഗം പ്രാഥമിക വിദ്യാഭ്യാസമേഖലയിൽ ക്ലിനിക്കൽ ഭാഷാശാസ്ത്രത്തെക്കുറിച്ചുള്ള ധാരണ വളർത്തുക എന്നതുതന്നെയാണ്. ഭാഷാപരിമിതികൾ തിരിച്ചറിയുന്നതിനായി നിലവാരമുള്ള പരിശോധനാരീതികൾ വികസിപ്പിക്കുക, ഭാഷാപരിമിതി നേരിടുന്ന വിദ്യാർത്ഥികൾക്കായി ഭാഷാപരമായ ഇടപെടലുകൾ നടത്തുക, ഭാഷാധ്യാപന രീതികൾ നവീകരിക്കുക, ദ്വിഭാഷാ(Bilingual), ബഹുഭാഷാ(Multilingual) പഠിതാക്കളുടെ ഭാഷാർജ്ജന സമ്പ്രദായത്തെ പഠനവിധേയമാക്കുക, സാക്ഷരതയും ഭാഷാവൈദഗ്ധ്യവും തമ്മിലുള്ള ബന്ധം പരിശോധിക്കുക, പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങൾക്ക് തുല്യമായ ഭഷാസേവനങ്ങൾ ഉറപ്പാക്കുക തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ ക്ലിനിക്കൽ ഭാഷാശാസ്ത്രത്തെ സമൂഹവുമായി ബന്ധിപ്പിക്കാൻ കഴിയും.

ഭാഷാശാസ്ത്രതത്ത്വങ്ങളെ പൊതുവ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ വ്യാഖ്യാനിക്കാൻ കഴിയുമെങ്കിലും ഓരോ ഭാഷയ്ക്കും അതതിന്റേതായ തനതുരീതികളുണ്ട്. സ്വനിമം, സ്വനിമരൂപീകരണം, രൂപിമം, വാക്യഘടന എന്നിങ്ങനെയുള്ള മേഖലകളിലൊക്കെ മലയാളഭാഷ സവിശേഷമായ വ്യവസ്ഥ നിലനിർത്തുന്നുണ്ട്. ഇവയെക്കൂടി പരിഗണിച്ചുകൊണ്ടുവേണം ക്ലിനിക്കൽ ഭാഷാശാസ്ത്രതത്ത്വങ്ങൾ മലയാളദേശത്ത് പ്രയോഗസിദ്ധമാക്കാൻ. അതിനാൽ ക്ലിനിക്കൽ ഭാഷാശാസ്ത്രത്തിന്റെ പൊതുവ്യവസ്ഥ നിലനിർത്തിക്കൊണ്ടുതന്നെ അതിനുള്ളിൽ മലയാളഭാഷയ്ക്ക് ചേർന്ന രീതിയിലുള്ള പരിഷ്ക്കരണങ്ങൾ സാദ്ധ്യമാക്കേണ്ടതുണ്ട്. ഈ മേഖല

യിൽ ഉണ്ടാകുന്ന ഏറ്റവും നൂതനമായ അക്കാദമിക പഠനങ്ങളിലൂടെ മാത്രമേ മലയാളഭാഷയെയും അത് ഉപയോഗിക്കുന്ന ജനതയെയും ക്ലിനിക്കൽ ഭാഷാശാസ്ത്രത്തിന്റെ ഗുണഭോക്താക്കളാക്കി മാറ്റാൻ സാധിക്കുകയുള്ളൂ. അതിനുയോജിച്ച പ്രവർത്തനങ്ങളിലൂടെ കേരളദേശത്തെയും ഭാഷയെയും പുതുകാലത്തിന് ചേർന്നവിധം നവീകരിക്കുവാനുള്ള പരിശ്രമങ്ങളാണ് നാനാതുറകളിൽ നിന്നുമുണ്ടാകേണ്ടത്.

**സഹായകഗ്രന്ഥങ്ങൾ**

David Crystal, 1981: Clinical Linguistics, In Arnold, G. E., Winckel, F& Wyke, B. D (eds), Disorders of Human Communication 3, Springer Verlag Wien, New York.

David Crystal, 2010: The Scope of Clinical Linguistics, Thomas W. Powell and Martin J. Ball (Eds), Clinical Linguistics, Routledge, New York.

Martin J. Ball, Nicole Muller and Elizabeth Spencer (eds), 2024: The Handbook of Clinical Linguistics (Second Edition), Wiley Blackwell, UK.

Noam Chomsky, Morris Halle, 1968: The Sound Pattern of English, Harper & Row, Publishers, New York.

**ഡോ. സിബി കുര്യൻ**
വകുപ്പുമേധാവി
മലയാളവിഭാഗം
ദേവമാതാ കോളേജ്
കുറവിലങ്ങാട്
Pin: 686633
Email: cibykv@gmail.com
Ph: +918547547810
ORCID: 0009-0009-0355-8759